(ബി) ജലസേചന വകുപ്പിൽ നിന്നും നിയമനത്തിനായി അപേക്ഷ സമർപ്പിച്ച് യോഗ്യതാ പരീക്ഷ എഴുതിയശേഷം ജലസേചനവകുപ്പിൽനിന്നും ജോലി രാജി വെച്ചവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ജലസേചനവകുപ്പിലെ ജോലി രാജിവെച്ച വ്യക്തിയ്ക്ക് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള കാട്ട പ്രകാരം ലീഗൽ അസിസ്റ്റന്റ് നിയമനം ലഭിക്കുവാൻ അർഹതയുണ്ടോ;

(ഡി) ജലസേചനവകുപ്പിലെ ജോലി രാജിവച്ച വിവരം നിയമവകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റായി കാറ്റഗറി 4 വിഭാഗത്തിൽ നിയമനം ലഭിക്കുന്നതിന് നമ്പർ 7661/ അഡ്. II(2)/97 ആയി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ജലസേചനവകുപ്പിൽ നിന്നുമുള്ള 5 പേരുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിയമവകുപ്പിൽ ലഭ്യമല്ല. പ്രസ്തുത വിവരം ബന്ധപ്പെട്ട വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ജലസേചനവകുപ്പിലെ ജോലി രാജിവച്ച് നിയമവകുപ്പിൽ വന്നവർ ആരും തന്നെയില്ല. എന്നാൽ ആ വകുപ്പിൽനിന്നും റിലീവ് ചെയ്ത് പി. എസ്. സി. ഓഫീസിൽ ജോലി ലഭിച്ചതിനുശേഷം നിയമവകുപ്പിൽ വന്ന ഒരാൾ ഉണ്ട്.

(ഡി) റിലീവ് ചെയ്തതായി 14-12-2000-ൽ അറിയിച്ചിട്ടുണ്ട്.

ഭൂഗർഭജലം ഉപയോഗിക്കുന്ന കമ്പനികൾ

20 [T5983] ശ്രീ. ലൂഡി ലൂയിസ്:

,, കെ. എ. ചന്ദ്രൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എ. സുജനപാൽ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ഭൂഗർഭജലം എടുത്ത് കോളയോ അതുപോലുള്ള പാനീയങ്ങളോ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) അനുമതി നൽകിയത് ഗവൺമെന്റ് തലത്തിലാണോ അതോ താഴത്തെ തലത്തിലായിരുന്നുവോ;

(ഡി) ഏതു തലത്തിലുള്ള ഉദ്യോഗസ്ഥനാണ് അനുമതി നൽകിയത്; എന്നാണ് ഇതിന് അനുമതി നൽകിയത്; പ്രതിദിനം എത്ര വെള്ളം വീതമെടുക്കാനാണ് അനുമതി നൽകിയത്; അനുമതി പ്രകാരം എടുക്കുന്ന വെള്ളത്തിന് എന്തു റോയൽറ്റി കിട്ടുന്നുണ്ട്;

(ഇ) അനുവദിച്ചതിനേക്കാൾ കൂടുതൽ വെള്ളമെടുക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നത് എപ്രകാരമാണ്?

T മാറ്റിവെക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഇ) ഭൂജലവകുപ്പിൽ നിന്നും കോളയോ അതുപോലുള്ള പാനീയങ്ങളോ ഉണ്ടാക്കുന്നതിന് അനുമതി ഒരു കമ്പനിക്കും നൽകിയിട്ടില്ല.

അച്ചൻകോവിൽ-പമ്പ എന്നീ നദികളിലെ അധിക ജലം തമിഴ്നാടിന് നൽകണമെന്ന വാദം

21 [5984] ശ്രീ. ടി. യു രാധാകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
,, മാലേത്ത് സരളാദേവി:
ശ്രീ. വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ അധികജലം തമിഴ്നാടിന് നൽകണമെന്ന വാദം ദേശീയ ജല അതോറിറ്റി മുന്നോട്ടുവച്ചിട്ടുണ്ടോ;

(ബി) അതിനായി പുന്നമേട്, മൂഴി, ചിറ്റാർ, അച്ചൻകോവിൽ എന്നിവിടങ്ങളിൽ തടയണ കെട്ടണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) അപ്രകാരം തടയണ കെട്ടി വെള്ളം തിരിച്ചുവിടുന്നപക്ഷം എത്ര ഹെക്ടർ നിബിഡ വനവും വനഭൂമിയും വെള്ളത്തിനടിയിലാവും;

(ഡി) തമിഴ്നാടിനു വെള്ളം നൽകുവാൻ വനവും വനഭൂമിയും നഷ്ടപ്പെടുന്നത് പരിസ്ഥിതിയെ ബാധിക്കുകയില്ലെന്ന് നാഷണൽ വാട്ടർ അതോറിറ്റി ഉറപ്പു തന്നിട്ടുണ്ടോ;

(ഇ) തമിഴ്നാടിന് വെള്ളം നൽകാൻ സംസ്ഥാനത്തെ വനഭൂമി നഷ്ടപ്പെടുന്നതിനു പകരം എവിടെ വനം വെച്ചുപിടിപ്പിക്കണമെന്ന് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ അധികജലത്തിന്റെ 20%-മായ 634 എം. എം. സി. ജലം തമിഴ്നാടിന് നൽകുന്ന കാര്യം ദേശീയ ജലവികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്.

(ബി) നാഷണൽ വാട്ടർ ഡവലപ്പമെന്റ് ഏജൻസിയുടെ പഠന റിപ്പോർട്ടിൽ കേരളത്തിൽ പുന്നമേട് എന്ന സ്ഥലത്ത്, പമ്പ-കല്ലാർ, തുറ എന്ന സ്ഥലത്ത് അച്ചൻകോവിൽ കല്ലാർ, അച്ചൻകോവിൽ അച്ചൻകോവിലാർ എന്നീ മൂന്ന് അണക്കെട്ടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പമ്പ-അച്ചൻകോവിൽ, പദ്ധതി നടപ്പിൽവന്നാൽ കേരളത്തിന്റെ നിബിഡ വനവും, തേക്കിൻതോട്ടവും കൃഷിസ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ ഭൂപ്രദേശം വെള്ളത്തിനടിയിൽ ആകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly